ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മൂന്നു മൊബൈൽ മാവേലി സ്റ്റോറുകൾ വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) വട്ടിയൂർക്കാവ് ജംഗ്ഷനിലും സെൻട്രൽ പോളിടെക്നിക് ജംഗ്ഷനിലും മൊബൈൽ മാവേലി സ്റ്റോറുകൾ വഴി സാധനങ്ങൾ വിതരണം നടത്തുന്നുണ്ട്. വട്ടിയൂർക്കാവ് വെള്ളൈക്കടവ് റൂട്ടിൽ മൂന്നാംമൂട് ജംഗ്ഷനിൽ മൊബൈൽ മാവേലി വഴി സാധനങ്ങൾ വിതരണം ചെയ്യുന്ന കാര്യം അടിയന്തിരമായി പരിഗണിച്ച് നടപടിയെടുക്കാൻ റീജിയണൽ മാനേജർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

റേബീസ് ഇല്ലായ്മ ചെയ്യാൻ നടപടി

42 [2064] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേബീസ് എന്ന രോഗം ഇല്ലായ്മ ചെയ്യാൻ മൃഗസംരക്ഷണ വകുപ്പു മുഖേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതിനുവേണ്ടി എന്തു തുക പ്രതിവർഷം അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത രോഗത്തിനെതിരായ വാക്സിന്റെ ദൗർലഭ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1990-91-വർഷത്തിൽ റേബീസ് ഇറാഡിക്കേഷൻ പദ്ധതിക്കു വേണ്ടി സർക്കാർ തുക അനുവദിക്കുകയുണ്ടായോ; എങ്കിൽ എത്ര: ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) റേബീസ് എന്ന മാരകരോഗത്തിന്റെ വിശദാംശങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ മുതലായവയെപ്പറ്റിയുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാനത്തുടനീളം ചർച്ചാക്ലാസുകൾ, സിനിമാ പ്രദർശനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുകയും പൊതു വിജ്ഞാനമാദ്ധ്യമങ്ങൾ വഴി വേണ്ടത്ര പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകൾ, ഉപന്യാസ മൽസരങ്ങൾ, ക്വിസ് മൽസരങ്ങൾ മുതലായവ സംഘടിപ്പിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ചികിൽസാ കേന്ദ്രങ്ങൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പേവിഷബാധക്കെതിരായി കുത്തിവയ്പ്പ് നടത്തുന്നതിനുള്ള ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യ നിരക്കിൽ കുത്തിവെയ്പ്പ് നടത്തുകയുണ്ടായി. അലഞ്ഞുനടക്കുന്ന പട്ടികളെ പിടിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 59 പേർക്ക് പരിശീലനം നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1987-88-ൽ രണ്ട് ലക്ഷം രൂപയും
1988-89-ൽ മൂന്നു ലക്ഷം രൂപയും
1989-90-ൽ രണ്ടു ലക്ഷം രൂപയും
1990-91-ൽ രണ്ടു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1990-91-ൽ രണ്ട് ലക്ഷം രൂപ അനുവദിച്ചു.

റേഷൻകടക്ക് ലൈസൻസ് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

43 [2066] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാല പ്രവർത്തികൾ തൃപ്തികരമല്ലെന്നതിന്റെ പേരിൽ 1988-ൽ ചിറയിൻകീഴ് താലൂക്കിലെ 349-ാം നമ്പർ കടയുടെ ലൈസൻസിനുവേണ്ടിയുള്ള ആരുടെയെങ്കിലും അപേക്ഷ നിരസിക്കപ്പെട്ടിട്ടുണ്ടോ; അത് ആരുടേതായിരുന്നു; അയാൾ ചെയ്ത കുറ്റമെന്താണ്;

(ബി) 349-ാം നമ്പർ റേഷൻകട ഇപ്പോൾ നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കട മുൻപ് നടത്തിയിരുന്നത് ഒരു വിമുക്തഭടനായിരുന്നു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിമുക്തഭടൻമാർക്ക് റേഷൻകട ലൈസൻസ് അനുവദിക്കുന്നതിന് മുൻഗണന നൽകണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ;

(ഇ) അപേക്ഷകൻ താമസിക്കുന്ന സ്ഥലവും കടയും തമ്മിലുള്ള ദൂരം മാത്രം കണക്കാക്കി വിമുക്തഭടന്റെ പേരിൽ അനുവദിച്ചിരുന്ന ലൈസൻസ് മാറ്റി നൽകാൻ ഗവൺമെന്റ്, ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മുൻകാല പ്രവർത്തികൾ തൃപ്തികരമല്ലെന്നതിന്റെ പേരിൽ ചിറയിൻകീഴ് താലൂക്കിലെ 349-ാം നമ്പർ റേഷൻകടയുടെ ലൈസൻസിനായുള്ള അപേക്ഷയൊന്നും നിരസിച്ചിട്ടില്ല. എന്നാൽ എം. എ. ഷാഹിർഷ എന്ന അപേക്ഷകൻ മുൻകാല ചെയ്തികൾ തൃപ്തികരമല്ല എന്ന കാരണത്താൽ പ്രസ്തുത കടയുടെ ലൈസൻസിയായി ജില്ലാ സപ്ലൈ ആഫീസർ നിയമനം നൽകിയില്ല. പ്രസ്തുത കടയുടെ മുൻ ലൈസൻസി ആയിരുന്ന ശ്രീ. എം. എ. ജവാദ് ഉദ്യോഗാർത്ഥം വിദേശത്തായിരുന്നപ്പോൾ അവിടത്തെ സെയിൽസ്മാനായിരുന്ന ശ്രീ. ഷാഹിർഷ ലൈസൻസിയാണെന്ന വ്യാജേന ഡിപ്പോ നടത്തി എന്ന കുറ്റം ചെയ്തു.

(ബി) ശ്രീ. എം. എ. ഷാഹിർഷയാണ് ഇപ്പോൾ 349-ാം നമ്പർ റേഷൻകട നടത്തുന്നത്.

(സി) ഉണ്ട്.

(ഡി) മറ്റുയോഗ്യതകളുള്ള വിമുക്തഭടൻമാർക്ക് മുൻഗണന നൽകാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly